**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6524** **10-11-2021 - ൽ മറുപടിയ്ക്ക്**

**തിരുമറയൂർ ശ്രീരാമ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പിറവം നിയോജകമണ്ഡലത്തിലെ തിരുമറയൂർ ശ്രീരാമ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പിറവം നിയോജക മണ്ഡലത്തിലെ തിരുമറയൂർ ശ്രീരാമ ക്ഷേത്രം പുരാവസ്തു വകുപ്പ് സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ക്ഷേത്ര സംരക്ഷണ സമിതിയുടെ 10.08.2021 ലെ നിവേദനവും ബഹു. പിറവം നിയോജക മണ്ഡലം എം.എൽ.എ യുടെ 11.08.2021 ലെ കത്തും ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; | (ബി) | പ്രസ്തുത ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് യോഗ്യമാണോ എന്നുള്ള കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം ചാർജ്ജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ക്ഷേത്രം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പ്രസ്തുത ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിന് യോഗ്യമാണോ എന്നുള്ള കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം ചാർജ്ജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മേൽ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ